പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 436 | 07.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റ്

**ചോദ്യം**

ശ്രീ. റ്റി. വി. രാജേഷ് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; എത്ര പേർക്കാണ് നിയമന ശുപാർശ അയച്ചിട്ടുള്ളത് ; അതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; | (എ) യും (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി റിസർവ്വ് കണ്ടക്ടർ തസ്തികയിലെ റാങ്ക് ലിസ്റ്റ് 09.05.2013-ൽ നിലവിൽ വന്നു.<br>05.11.2011-ൽ റിസർവ്വ് കണ്ടക്ടർമാരുടെ 8140 ഒഴിവുകൾ കെ.എസ്.ആർ.ടി.സി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെയും, കണ്ടക്ടർമാരുടെയും ഒഴിവുകൾ നിശ്ചയിക്കുന്നത് ഓപ്പറേറ്റ് ചെയ്യുന്ന പ്രാബല്യത്തിലുള്ള ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. ആയതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 3,808 റിസർവ്വ് കണ്ടക്ടർമാരുടെ ഒഴിവുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ആയതിൽ തന്നെ 1,257 എണ്ണം നേരത്തെ കമ്മീഷൻ അഡ്വൈസ് ചെയ്തവർ ജോലിക്ക് ചേരാതിരുന്നതു മൂലം ഉണ്ടായ ഒഴിവുകളാണ്. ഈ ഒഴിവുകളെ സംബന്ധിച്ച് നേരത്തെ തന്നെ കോർപ്പറേഷൻ കമ്മീഷനെ അറിയിച്ചിരുന്നതുമാണ്. സ്ഥിരമായി ഓടിക്കുന്ന ഷെഡ്യൂളുകൾക്കു പകരം പല കാരണങ്ങളാൽ ഒരിക്കലും ഓടിക്കാത്തതും സ്ഥിരമായി ക്യാൻസൽ ചെയ്യുന്നതുമായ ഷെഡ്യൂളുകളും, വരും വർഷങ്ങളിൽ തുടങ്ങാൻ സാദ്ധ്യതയുള്ള ഷെഡ്യൂളുകളും കണക്കിലെടുത്താണ് ഒഴിവുകളുടെ എണ്ണം നിർണ്ണയിക്കുകയും, ആയത് കമ്മീഷനെ അറിയിച്ചിട്ടുള്ളതും. കമ്മീഷൻ അഡ്വൈസ് ചെയ്തതും, അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ ഒഴിവുകളും ഈ ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതു മൂലം സംഭവിച്ച |
| (ബി) | ഒഴിവുകൾ ഉണ്ടായിട്ടും നിയമന ശുപാർശ ലഭിച്ചവർക്കെല്ലാം നിയമനം നല്കുന്നതിന് തടസ്സമെന്താണ് ; വ്യക്തമാക്കാമോ ; | | |
| (സി) | നിയമന ശുപാർശ ലഭിച്ചവർക്കെല്ലാം നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

| | | | |
|---|---|---|---|
| | | | പിശകുമൂലമാണ് ഇത്രയും എണ്ണം ഒഴിവുകൾ കമ്മീഷനെ അറിയിക്കാനിടയായിട്ടുള്ളത്. തെറ്റായി റിപ്പോർട്ട് ചെയ്ത 8140 ഒഴിവുകളിലേക്ക് നിയമന ശുപാർശ നൽകരുതെന്നും യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ്വ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രം നിയമന ശുപാർശ നൽകുവാൻ നടപടി സ്വീകരിക്കണമെന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് കമ്മീഷൻ നിരസിച്ചു.<br>കമ്മീഷൻ 9300 പേർക്ക് നിയമന ശുപാർശ നൽകിക്കഴിഞ്ഞു. ഇതിൽ 1000 പേർക്ക് 23.12.2013-ൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.<br>ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള 5000 (അയ്യായിരം) ഉദ്യോഗാർത്ഥികളുടെ രേഖകൾ 21.11.2013-ലാണ് കെ.എസ്.ആർ.ടി.സിക്ക് ലഭ്യമായത്. അതു പ്രകാരം വെരിഫിക്കേഷൻ പൂർത്തിയാക്കി 23.12.2013 മുതൽ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി തുടങ്ങിയിട്ടുണ്ട്. 23.12.2013-ൽ ആദ്യഘട്ടമായി 1000-മത് റാങ്ക് വരെയുള്ളവർക്ക് നിയമന ഉത്തരവ് നൽകി കഴിഞ്ഞു. ശേഷിക്കുന്ന 2808 പേർക്ക് നിയമന ഉത്തരവ് നൽകുന്ന നടപടി ധൃതഗതിയിൽ നടന്നുവരുന്നു.<br>പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകിയതിനു ശേഷം ഉണ്ടാകാവുന്ന എൻ.ജെ.ഡി ഒഴിവുകൾ വിരമിക്കൽ ആനുപാതികമായ ഒഴിവുകൾ എന്നിവ കണക്കാക്കി പി.എസ്.സിയുടെ അനുമതിയോടെ എത്രയും വേഗം നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ